6 ശതമാനം കോമ്പൗണ്ടഡ് നികുതിയും കൂടാതെ രജിസ്ട്രേഷനില്ലാത്ത വ്യാപാരികളിൽ നിന്നും വാങ്ങുന്ന നിർമ്മാണ വസ്തുക്കൾക്ക് കേരള മൂല്യവർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 6(2) പ്രകാരമുള്ള വാങ്ങൽ നികുതിയും നൽകേണ്ടതാണെന്ന് നിഷ്കർഷിക്കുകയുണ്ടായി. ഗവൺമെന്റ് കരാറുകാരുടെ കോമ്പൗണ്ടഡ് നികുതി 4 ശതമാനമായും മറ്റുള്ളവർക്ക് 3 ശതമാനമായും നിശ്ചയിക്കുകയുണ്ടായി.

ധനകാര്യനിയമത്തിൽ കൊണ്ടുവന്ന ഭേദഗതിയെത്തുടർന്ന് ഓരോ പ്രാവശ്യവും ബാദ്ധ്യതാ സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് നികുതി നിർണ്ണയാധികാരി മുമ്പാകെ ഹാജരായി വാങ്ങൽ നികുതി കണക്കാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടും മണ്ണ്, മണൽ, പാറ എന്നിവ വാങ്ങുമ്പോൾ ബില്ല് ലഭിക്കാത്ത ബുദ്ധിമുട്ടും കരാർ പണിക്കാർ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി.

ഇതേത്തുടർന്ന് നികുതി വരുമാനത്തിൽ നഷ്ടമുണ്ടാകാത്ത വിധത്തിൽ കോമ്പൗണ്ടിംഗ് നിരക്കിൽ ഒരു ശതമാനം വീതം വർദ്ധനവ് വരുത്തുകയും വകുപ്പ് 6 (2) പ്രകാരമുള്ള വാങ്ങൽ നികുതി നൽകണമെന്ന വ്യവസ്ഥ പിൻവലിക്കുകയും ചെയ്തുകൊണ്ട് കരാർപണിക്കാരുടെ കോംമ്പൗണ്ടിംഗ് ഘടനയിൽ പുനഃക്രമീകരണം നടത്തി. ഇതനുസരിച്ച് 6 ശതമാനം നിരക്ക് 7 % ആയും, 4 എന്നത് 5 ശതമാനമായും 3% എന്നത് 4 ശതമാനമായും വർദ്ധിപ്പിക്കുകയുണ്ടായി. ഇത് റവന്യൂ നൂട്രൽ റേറ്റ് ആണെന്നാണ് കണക്കാക്കിയിരിക്കുന്നത്. ആയതിനാൽ റവന്യൂ നഷ്ടം ഉണ്ടാകാൻ സാദ്ധ്യതയില്ല.

സംയോജിത ചെക്ക്പോസ്റ്റ്

226 (566) ശ്രീ. വി. ഡി. സതീശൻ:

ശ്രീ. സി. പി. മുഹമ്മദ്:

ശ്രീ. പാലോട് രവി:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും മരാമത്ത് നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സംയോജിത ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം വകുപ്പുകളുടെ ചെക്ക്പോസ്റ്റുകളാണ് സംയോജിത ചെക്ക് പോസ്റ്റിൽ പ്രവർത്തിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് എല്ലായിടത്തും സംയോജിത ചെക്ക്പോസ്റ്റ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ വാണിജ്യനികുതി, എക്സൈസ്, മോട്ടോർ വാഹനവകുപ്പ് എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ സംയോജിത ഇൻ, ഔട്ട് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം 1-9-2011-ൽ ആരംഭിച്ചു. വാഹന പരിശോധനയുള്ള സൗകര്യാർത്ഥം സംയോജിത ഔട്ട് ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം 27-11-2012-മുതൽ അമരവിള ടോൾ ജംഗ്ഷനിലേയ്ക്ക് മാറ്റിയിട്ടുണ്ട്. വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്കുവാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർ സംസ്ഥാന ചരക്കു നീക്കം സുഗമവും വേഗത്തിലുമാക്കുക, തുടങ്ങിയവയാണ് സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ഗുജറാത്ത്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനത്തെക്കുറിച്ച് സർക്കാർ നിയോഗിച്ച ഒരു വിദഗ്ദസമിതി പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പാലക്കാട് ജില്ലയിലെ വാളയാർ ചെക്ക്പോസ്റ്റിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഒരു സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്. കൂടാതെ, മുത്തങ്ങ, ബംഗ്ര-മഞ്ചേശ്വരം, വഴിക്കടവ്, ആര്യങ്കാവ് എന്നീ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ തുടങ്ങാനും ലക്ഷ്യമിടുന്നു.

(ബി) വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്കുവാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർ സംസ്ഥാന ചരക്കുനീക്കം സുഗമവും വേഗത്തിലുമാക്കുക, ചരക്കു

LIBRARY ARCHIVES Kerala Legislative Assembly

വാഹനങ്ങളുടെ നിർത്തിയിടൽ മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുക തുടങ്ങിയവയാണ് സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. സംയുക്ത പരിശോധനയിലൂടെ വിവിധ വകുപ്പുകളുടെ പരിശോധന ഒരേ സമയം നടക്കുമെന്നുള്ളതിനാൽ പരിശോധന സമയം കാര്യക്ഷമമായി കുറയുകയും ആയതിനെ തുടർന്ന് വാഹനങ്ങൾ വേഗത്തിൽ കടത്തിവിടുന്നതിന് സാദ്ധ്യ മാവുകയും ചെയ്യും. കേന്ദ്രീകൃത പരിശോധനയ്ക്കായി അത്യാധുനിക സംവിധാനങ്ങളും പ്രയോഗത്തിൽ കൊണ്ടുവരാൻ സാധിക്കും.

(സി&ഡി) വാണിജ്യനികുതി, മോട്ടോർ വാഹന, എക്സൈസ് എന്നീ വകുപ്പുകളുടെ ചെക്ക്പോസ്റ്റുകളാണ് നിലവിൽ സംയോജിത ചെക്ക്പോസ്റ്റുകളിൽ പ്രവർത്തിക്കുന്നത്. ടി വകുപ്പുകളുടെ ചെക്കുപോസ്റ്റുകൾ സംയോജിപ്പിക്കുക വഴി ഇവയുടെ പ്രവർത്തനം ഒരു കുടക്കീഴിലാക്കാനാകും ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമവും, വേഗത്തിലാക്കാനും അതുവഴി ചരക്കുവാഹനങ്ങളുടെ നിർത്തിയിടൽ മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒരു പരിധിവരെ ഒഴിവാക്കാനും സാധിക്കും. തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ ഒരു സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം മറ്റ് പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ പ്രധാന ചെക്ക്പോസ്റ്റുക ളെയെല്ലാം സംയോജിത ചെക്ക്പോസ്റ്റാക്കി മാറ്റുന്നതിന്റെ ഭാഗമായി ഗുജറാത്ത്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനത്തെക്കുറിച്ച് സർക്കാർ നിയോഗിച്ച ഒരു വിദഗ്ദ സമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വാളയാറിൽ വാണിജ്യനികുതി, ട്രാൻസ്പോർട്ട്/എക്സൈസ് എന്നീ വകുപ്പുകളുടെ ചെക്ക്പോസ്റ്റ് സംയോജിപ്പിച്ച് ഒരു സംയോജിത ചെക്ക്പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ, മുത്തങ്ങ, ബംഗ്ര, മഞ്ചേശ്വരം, വഴിക്കടവ്, ആര്യങ്കാവ് എന്നീ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുന്നതിനും ലക്ഷ്യമിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly